# കേരളസർവകലാശാല

നം.പി.ആർ.244/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല: ഒന്നാം വർഷ ബി.എഡ്. പ്രവേശനം 2022 ഇ.ഡബ്യ്യു.എസ്, ജനറൽ, കെ.യു.സി.ടി.ഇ. മാനേജ്മെന്റ് ക്വാട്ട, സെൻട്രലൈസ്ഡ് സ്പോട്ട് അലോട്ട്മെന്റ് നവംബർ 19 – ന് യൂണിവേഴ്സിറ്റി സെനറ്റ് ഹാൾ, പാളയം

കേരളസർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ., സ്വാശ്രയ കോളേജുകൾ എന്നിവയിലേക്കുള്ള ഒന്നാം വർഷ ബി.എഡ്. കോഴ്സുകളിലെ ഒഴിവുള്ള എല്ലാ സീറ്റുകളിലേക്കും ഇ.ഡബ്യ്യു.എസ്, ജനറൽ, കെ.യു.സി.ടി.ഇ മാനേജ്മെന്റ് ക്വാട്ട, സെൻട്രലൈസ്ഡ് സ്പോട്ട് അലോട്ട്മെന്റ് നവംബർ 19 ന് പാളയം യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ വച്ച് നടത്തുന്നു.

രജിസ്ട്രേഷൻ സമയം രാവിലെ 8 മണി മുതൽ 10 മണി വരെ, സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് (കെ.യു.സി.ടി.ഇ. മാനേജ്മെന്റ് ക്വാട്ടയിൽ അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ടി അപേക്ഷയുടെ പ്രിന്റൗട്ട് ഉൾപ്പെടെ) സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾ സാക്ഷ്യപത്രം (authorization letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കോളജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ മാർക്ലിസ്റ്റുകളുടേയും യോഗ്യത തെളിയിക്കുന്ന മറ്റു സർട്ടിഫിക്കറ്റുകളുടേയും പകർപ്പുകൾ കൈവശം കരുതണം.

ഇ.ഡബ്യ്യു.എസ്. വിഭാഗക്കാർ ടി സംവരണം തെളിയിക്കുന്ന രേഖകൾ കൈവശം കരുതേണ്ടതാണ്. ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്പോട്ട് അലോട്ട്മെന്റ് സമയത്ത് സമർപ്പിക്കാൻ സാധിക്കാത്ത പക്ഷം ടി വിദ്യാർത്ഥികൾ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്താകുന്നതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ എം.എൽ.ഐ.എസ്സി., എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ, 2020 – 2022 ബാച്ച് (സി.എസ്.എസ്.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാല 2022 മെയിൽ നടത്തിയ എം.എൽ.ഐ.എസ്സി. 2019 – 2021 ബാച്ച് (സി.എസ്.എസ്.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാല 2022 ജൂലൈയിൽ നടത്തിയ എട്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഡിസൈൻ (ബി.ഡെസ്സ്.) – ഫാഷൻ ഡിസൈൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
18.11.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**